പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നം. 1309** **02.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിനെ കിലയുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീമതി. പി. അയിഷാ പോറ്റി** | **ഡോ. കെ. ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) കൊട്ടാരക്കരയിലെ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിനെ കിലയുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോയെന്ന് വിശദമാക്കുമോ; | എ) സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിനെ കിലയുമായി സംയോജിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി 29.11.2016 ലെ സ.ഉ.(എം.എസ്) നമ്പർ.184/2016/തസ്വഭവ പ്രകാരവും സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര്"കില-മാനവവിഭവശേഷി വികസന കേന്ദ്രം" എന്നും ഡയറക്ടറുടെ ഉദ്യോഗപ്പേര് "റീജിയണൽ ഡയറക്ടർ" എന്നും മാറ്റിക്കൊണ്ട് 27.12.2016 ലെ സ.ഉ.(സാധാ) നമ്പർ 3522/ 2016/ തസ്വഭവ പ്രകാരവും സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സംയോജനത്തിന്റെ തുടർ നടപടികൾക്കായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയായിട്ടില്ല. |
| ബി) മാനവശേഷി വികസന കേന്ദ്രം എന്ന നിലയിൽ കിലക്കു ലഭ്യമാകുന്ന കേന്ദ്ര, സംസ്ഥാന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) ലയന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ ഇക്കാര്യം വ്യക്തമാവുകയുള്ളൂ |
| സി) പ്രസ്തുത സ്ഥാപനത്തിന്റെ ഘടനയും സേവനകാര്യങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) പ്രസ്തുത സ്ഥാപനത്തിന്റെ ഘടനയും സേവനകാര്യങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ